6

നവംബർ 2020
വെള്ളി
1196 തുലാം 21 1442 റ. അവ്വൽ 20

കാരവൽ

THE FIRST DAILY IN KERALA WITH TWO LANGUAGE EDITIONS ESTABLISHED-1976

RNI Reg:No:70844/99 KARAVAL DAILY PUBLISHED FROM KASARAGOD കാസർകോട്•പുസ്തകം 27 •ലക്കം 213 •പേജ് 4 •വില: 5 രൂപ

30 years of Excellence
advent
MARBLES & SANITARY WARE
E-mail: adventmarbles@gmail.com www.adventmarbles.in
N.H. ROAD, THALIPADUPPU, KASARAGOD. Ph: 04994-221633

ജ്വല്ലറി നിക്ഷേപ തട്ടിപ്പ്: മധ്യസ്ഥനിൽ നിന്ന് മൊഴിയെടുത്തു; കാസർകോട്ടും ചന്തേരയിലും വീണ്ടും കേസ്

കാസർകോട്ടെ ലീഗ് നേതാക്കൾ നാളെ പാണക്കാട്ടേക്ക്

കാസർകോട്: ഫാഷൻ ഗോൾഡ് ജ്വല്ലറി നിക്ഷേപ തട്ടിപ്പ് സംഭവത്തിൽ ജില്ലാ മുസ്ലീംലീഗ് ട്രഷറർ മാഹിൻ കല്ലട്രയെ പ്രത്യേക അന്വേഷണ സംഘം വിളിച്ചു വരുത്തി മൊഴിയെടുത്തു. തട്ടിപ്പുമായി ബന്ധപ്പെട്ട് മുസ്ലീം ലീഗ് നേതൃത്വം നേരത്തെ മാഹിൻ ഹാജിയെ മധ്യസ്ഥനായിരുന്നു. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രശ്നം ചർച്ച നടത്തി പരിഹരിക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും ലക്ഷ്യം കണ്ടിരുന്നില്ല. കേസിലെ മുഖ്യ പ്രതിയായ എം സി ഖമറുദ്ദീൻ എം എൽ എയുടെ ആസ്തികളും ബാധ്യതകളും സംബന്ധിച്ചായിരുന്നു മാഹിൻ ഹാജിയിൽ നിന്ന് പ്രത്യേക അന്വേഷണ സംഘം ചോദിച്ചറിഞ്ഞതെന്നാണ് സൂചന. ഇതിന്റെ തുടർച്ചയായി വരും ദിവസങ്ങളിൽ ലീഗിന്റെ ചില നേതാക്കളെയും വിളിച്ചു വരുത്തി മൊഴിയെടുക്കുമെന്ന് സൂചനയുണ്ട്.

അതേ സമയം ജ്വല്ലറി തട്ടിപ്പു കേസുകളുമായി ബന്ധപ്പെട്ട് കാസർകോട് ജില്ലയിലെ അണികൾക്കും പൊതുജനങ്ങൾക്കും ഇടയിൽ ഉണ്ടായ പാർട്ടി വിരുദ്ധ വികാരത്തെ കുറിച്ച് വിശദീകരണം നൽകാൻ മുസ്ലീംലീഗ് ജില്ലാ ഭാരവാഹികൾ നാളെ പാണക്കാട്ടേക്കു പോകും. സംസ്ഥാന പ്രസിഡന്റ് ആവശ്യപ്പെട്ടത് അനുസരിച്ചാണിത്.

എം എൽ എയ്ക്കെതിരെ ഉണ്ടായ കേസുകൾ പാർട്ടിയെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ പ്രതികൂലമായി ബാധിക്കുമെന്നാണ് ഒരു വിഭാഗത്തിന്റെ നിലപാട്. ഇക്കാര്യം നാളത്തെ പാണക്കാട്ടെ കൂടിക്കാഴ്ചയിൽ ഉന്നയിക്കുമെന്നാണ് സൂചന.

ഇത്തരമൊരു സാഹചര്യത്തിൽ എം സി ഖമറുദ്ദീൻ എം എൽ എ സ്ഥാനം രാജിവെയ്ക്കുമോ എന്ന് ഉറ്റുനോക്കുകയാണ് രാഷ്ട്രീയ കേന്ദ്രങ്ങൾ.

തട്ടിപ്പു കേസിലെ മുഖ്യപ്രതികളിൽ ഒരാളായ മുസ്ലീംലീഗ് ജില്ലാ പ്രവർത്തക സമിതി അംഗം ടി കെ പൂക്കോയ തങ്ങളെ പ്രത്യേക അന്വേഷണ സംഘം കഴിഞ്ഞ ദിവസം ചോദ്യം ചെയ്തു. ഇതിന്റെ തുടർച്ചയായി എം എൽ എയേയും ചോദ്യം ചെയ്യാൻ ഒരുങ്ങുകയാണ് അന്വേഷണ സംഘം.

ഇതിനിടയിൽ ജ്വല്ലറി തട്ടിപ്പു കേസിൽ കാസർകോട്, ചന്തേര പൊലീസുകൾ എം സിക്കും ടി കെ പൂക്കോയ തങ്ങൾക്കും എതിരെ ആറു കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. ചെറുവത്തൂരിലെ സുബൈദ (5ലക്ഷം), കണ്ണൂർ മാട്ടുമ്മൽ, കടവത്തെ ഹംസ (9ലക്ഷം), ഉദുമ, പാക്യാരയിലെ ടി എം അബ്ദുൽ റഹ്മാൻ (17 ലക്ഷം) എന്നിവരുടെ പരാതി പ്രകാരമാണ് കാസർകോട് പൊലീസ് പുതിയ കേസ് രജിസ്റ്റർ ചെയ്തത്.

ബീരിച്ചേരിയിലെ പുതിയ പാട്ടില്ലത്തു അസീസ് (16 ലക്ഷം), പടന്നയിലെ സൈനബ (6 ലക്ഷം), മാണിയാട്ടെ ടി വി പി സൈനബ (3 ലക്ഷം) എന്നിവരുടെ പരാതികളിൽ ചന്തേര പൊലീസും കേസെടുത്തു.

മകളുടെ പഠനത്തിന് പണം സ്വരൂപിക്കാനുള്ള യാത്രക്കിടയിൽ സ്കൂട്ടർ മറിഞ്ഞു മാതാവ് മരിച്ചു; മകൾ ഗുരുതര നിലയിൽ

പെർള: സ്കൂട്ടർ കുഴിയിലേക്ക് മറിഞ്ഞ് മാതാവ് മരിച്ചു. മകളെ ഗുരുതര നിലയിൽ മംഗളൂരു ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മണിയമ്പാറ കങ്കിനമൂലയിലെ ഷാഹുൽ ഹമീദിന്റെ ഭാര്യ സുബൈദ (40)യാണ് അപകട സ്ഥലത്ത് മരിച്ചത്. മകൾ അലീമത്ത് അനീസ (18)യാണ് ചികിത്സയിലുള്ളത്. ഇന്നലെ ഉച്ചക്ക് മാതാവും മകളും മണിയമ്പാറയിൽ നിന്ന് സ്കൂട്ടറിൽ വീട്ടിലേക്ക് വരുമ്പോഴാണ് അപകടം. അലീമത്ത് അനീസക്ക് മംഗ്ളൂരുവിലെ സ്വകാര്യ കോളേജിൽ ഫിസിയോതെറാപ്പിക്ക് അഡ്മിഷൻ ലഭിച്ചിരുന്നു. ഇതിനാവശ്യമായ പണം സ്വരൂപിക്കുന്നതിന് മാതാവും മകളും വീട്ടിൽ

സുബൈദ

നിന്ന് സ്കൂട്ടറിൽ മണിയമ്പാറയിലെത്തിയ ശേഷം കാസർകോട് ബാങ്കിനെ സമീപിച്ചിരുന്നു. ഉച്ചക്ക് ബസിൽ മണിയമ്പാറയിൽ തിരിച്ചെത്തി വീട്ടിലേക്ക് സ്കൂട്ടറിൽ മടങ്ങുകയായിരുന്നു. അതിനു ശേഷം ഇവർ വീട്ടിലെത്താത്തതിനെ തുടർന്ന് ഫോണിൽ ബന്ധപ്പെടാൻ വീട്ടുകാർ ശ്രമിച്ചു. അതിനും കഴിയാതാവുകയും ചെയ്തതോടെ വീട്ടുകാർ നടത്തിയ അന്വേഷണത്തിലാണ് വീട്ടിനടുത്ത 30 അടി താഴ്ച്ചയിൽ ഇവർ അപകടത്തിൽപ്പെട്ട് കണ്ടെത്തിയത്. സുബൈദ മരണപ്പെട്ട നിലയിലായിരുന്നു. മകൾ അലീമത്തിനെ മംഗലാപുരം ആശുപത്രിയിൽ എത്തിക്കുകയായിരുന്നു. ഇവർ അപകടനില തരണം ചെയ്തതായി ആശുപത്രി അധികൃതർ അറിയിച്ചു.

ബന്തിയോട് മുട്ടത്തെ ബീരാൻ മുഹമ്മദ്-ആസ്യമ്മ ദമ്പതികളുടെ മകളാണ് മരണപ്പെട്ട സുബൈദ. ആഷിക്ക്, അൻഷിത എന്നിവരാണ് മറ്റു മക്കൾ. സഹോദരങ്ങൾ: നജീന, ബീഫാത്തിമ, ബൽക്കീസ്, ഖദീജ.

പള്ളം വികസനം: ആശംസ അർപ്പിച്ച് മടങ്ങിയ എം.എൽ.എക്ക് കരിങ്കൊടി

പുത്തിഗെ: മുഖാരിക്കണ്ടം അനോഡിപ്പള്ളത്തു പള്ളം വികസന പരിപാടിയുടെ ഉദ്ഘാടനച്ചടങ്ങിൽ ആശംസ അർപ്പിച്ചു മടങ്ങുകയായിരുന്ന എം.സി.കമറുദ്ദീൻ എം.എൽ.എയെ സി.പി.എം പ്രവർത്തകർ കരിങ്കൊടി കാട്ടി. പൊലീസ് സംഘം പ്രതിഷേധക്കാരെ നീക്കം ചെയ്തു.

ഇതിനിടയിൽ ഒരു ബൈക്ക് യാത്രക്കാരനെ പൊലീസ് തടഞ്ഞത് കൂടുതൽ സംഘർഷത്തിനു വഴിവച്ചു. സി.പി.എം പുത്തിഗെ ലോക്കൽ കമ്മിറ്റി അംഗം സന്തോഷ് കുമാർ, എസ്.എഫ്.ഐ ജില്ലാ വൈസ് പ്രസിഡണ്ട് ഹക്കീം പ്രതിഷേധത്തിനു നേതൃത്വം നൽകി.

പിലാത്തറയിൽ യുവാവ് കുത്തേറ്റ് മരിച്ചു; പ്രതി അറസ്റ്റിൽ

രാജ്കുമാർ

ശങ്കര

പയ്യന്നൂർ: മദ്യലഹരിയിലുണ്ടായ വാക്കുതർക്കത്തിനിടയിൽ യുവാവ് കുത്തേറ്റ് മരിച്ചു. പിലാത്തറ യുപി സ്കൂളിന് സമീപം കാർട്ടേഴ്സിൽ താമസിക്കുന്ന ആക്രികച്ചവടക്കാരൻ പാലക്കാട്, കൊല്ലങ്കോട്ടെ രാജ്കുമാർ (38)ആണ് മരിച്ചത്. തൊട്ടടുത്ത് താമസിക്കുന്ന തമിഴ്നാട്, സേലം സ്വദേശിയും നിർമ്മാണ തൊഴിലാളിയുമായ ശങ്കര (54) ആണ് അറസ്റ്റിലായത്. കുത്തേറ്റ് വീണ രാജ്കുമാറിനെ നാട്ടുകാർ ആശുപത്രിയിലെത്തിച്ചുവെങ്കിലും രക്ഷിക്കാനായില്ല.

പൈവളിക സ്വദേശി ബദിയഡുക്കയിൽ പിടിയിൽ

പൈവളിക: പൈവളികയിലെ ബാലകൃഷ്ണ (38)നെ സംശയാസ്പദമായ സാഹചര്യത്തിൽ പിടികൂടിയതായി ബദിയഡുക്ക പൊലീസ് അറിയിച്ചു.

മീത്തല ബസാറിലെ ഗവ. ഹൈസ്കൂൾ പരിസരത്തു കറങ്ങി നടക്കുകയായിരുന്നു ഇയാളെന്നു പറയുന്നു. പൊലീസ് ചോദ്യം ചെയ്യുന്നു.

അന്തുക്ക

ബിനീഷിന്റെ ചോദ്യം ചെയ്യൽ എട്ടാം ദിവസം

വിവാദങ്ങൾക്കിടയിൽ സി.പി.എം നേതൃയോഗം തുടങ്ങി

തിരു: വിവാദങ്ങൾ ഒന്നിനു പുറകെ മറ്റൊന്നായി സർക്കാരിനെയും പാർട്ടിയെയും പിൻതുടരുന്നതിനിടയിൽ സി.പി.എം സംസ്ഥാന നേതൃയോഗങ്ങൾക്ക് തുടക്കമായി. ഇന്നു സംസ്ഥാന സെക്രട്ടറിയേറ്റും നാളെ സംസ്ഥാന സമിതി യോഗവുമാണ് നടക്കുക. ശിവശങ്കറിന്റെയും ബിനീഷ് കോടിയേരിയുടെയും അറസ്റ്റിനു ശേഷം സംസ്ഥാന സെക്രട്ടറിയേറ്റിന്റെ സമ്പൂർണ്ണ യോഗമാണ് എ.കെ.ജി സെന്ററിൽ ആരംഭിച്ചത്.

മയക്കുമരുന്നു കേസുമായി ബന്ധപ്പെട്ട ഹവാല ഇടപാടിൽ സംസ്ഥാന സെക്രട്ടറിയുടെ മകൻ അറസ്റ്റിലായതും അതിനുപിന്നാലെ ബിനീഷിന്റെ തിരുവനന്തപുരത്തെ വീട്ടിൽ എൻഫോഴ്സ്മെന്റ് സംഘം 26 മണിക്കൂർ റെയ്ഡു നടത്തിയതും നാടകീയ രംഗങ്ങളുമൊക്കെ ഇന്നത്തെ യോഗത്തിൽ ചർച്ചയ്ക്കു വരും. കേന്ദ്ര കമ്മിറ്റി റിപ്പോർട്ടിംഗും പഞ്ചായത്തു തെരഞ്ഞെടുപ്പുമാണ് അജണ്ടയെങ്കിലും വിവാദ വിഷങ്ങളാൽ പാർട്ടി എന്തു നിലപാട് സ്വീകരിക്കുമെന്നാണ് പൊതുവെ എല്ലാ കേന്ദ്രങ്ങളും ഉറ്റു നോക്കുന്നത്.

സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണന്റെ നിലപാടായിരിക്കും നിർണ്ണായകമാവുക. നേരത്തെ ആരോഗ്യ പ്രശ്നങ്ങൾ മുൻനിർത്തി അദ്ദേഹം സെക്രട്ടറി സ്ഥാനത്തു നിന്നു മാറി നിൽക്കാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. എന്നാൽ പാർട്ടി അതിനു അനുവദിച്ചിരുന്നില്ല. അദ്ദേഹം വീണ്ടും പഴയ നിലപാട് സ്വീകരിച്ചാൽ പാർട്ടി എന്തു തീരുമാനമെടുക്കുമെന്നും എല്ലാവരും ഉറ്റുനോക്കുന്നു. മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അറസ്റ്റിനു പിന്നാലെ മുഖ്യമന്ത്രിയുടെ വിശ്വസ്തനും പ്രൈവറ്റ് സെക്രട്ടറിയുമായ സി.എം.രവീന്ദ്രനെ ഇ.ഡി ചോദ്യം ചെയ്യാൻ വിളിപ്പിച്ചതും പാർട്ടിയെ കടുത്ത പ്രതിരോധത്തിലാക്കിയിട്ടുണ്ട്.

അതേ സമയം ബിനീഷ് കോടിയേരിയെ തുടർച്ചയായ എട്ടാം ദിവസവും ഇ.ഡി ചോദ്യം ചെയ്തു കൊണ്ടിരിക്കുകയാണ്.

സ്വർണ്ണവും നിരോധിത സിഗരറ്റുമായി കാസർകോട് ജില്ലക്കാരായ അഞ്ചുപേർ അറസ്റ്റിൽ

ചേരൂർ സ്വദേശിയിൽ നിന്നു പിടികൂടിയ സ്വർണ്ണക്കട്ടികൾ

കാസർകോട്: സ്വർണ്ണവും നിരോധിത സിഗരറ്റുമായി കാസർകോട് ജില്ലക്കാരായ അഞ്ചുപേർ കരിപ്പൂർ, കണ്ണൂർ വിമാനത്താവളങ്ങളിൽ അറസ്റ്റിൽ.32 ലക്ഷത്തിൽപരം രൂപ വിലവരുന്ന 624 ഗ്രാം സ്വർണ്ണവുമായി ചെങ്കള, ചേരൂരിലെ മിസ്രിയ മൻസിലിൽ സൽമാൻ ഫാരിസ് കണ്ണൂർ വിമാനത്താവളത്തിലാണ് കസ്റ്റംസിന്റെ പിടിയിലായത്. സ്വർണ്ണം കട്ടിയാക്കിയാണ് കടത്തിയത്. ചെർക്കള, തെക്കിലിലെ മജീദ് അബ്ദുൾ ഖാദറിനെ 175 ഗ്രാം സ്വർണ്ണവുമായും 5000 നിരോധിത സിഗരറ്റുകളുമായും കരിപ്പൂർ വിമാനത്താവളത്തിൽ പിടികൂടി. മുളിയാറിലെ മുഹമ്മദ് ഫൈസലിനെ വസ്ത്രത്തിനുള്ളിൽ ഒളിപ്പിച്ച നിലയിൽ 215 ഗ്രാം സ്വർണ്ണവും 6000 സിഗരറ്റുകളുമായാണ് അറസ്റ്റ് ചെയ്തത്. ഷാർജയിൽ നിന്ന് എത്തിയ കാസർകോട്ടെ ആരിഫിനെ 232 ഗ്രാം സ്വർണ്ണവുമായും പെരിയയിലെ അബ്ബാസ് അറഫാത്തിനെ 198 ഗ്രാം സ്വർണ്ണവുമായും കരിപ്പൂർ വിമാനത്താവളത്തിൽ അറസ്റ്റ് ചെയ്തു.

നിരോധിത വല ഉപയോഗിച്ച് മീൻ പിടുത്തം; ബേക്കലിൽ മൂന്ന് ബോട്ടുകൾ പിടിയിൽ

കാഞ്ഞങ്ങാട്: നിരോധിത വല ഉപയോഗിച്ച് മീൻ പിടിക്കുകയായിരുന്ന മൂന്നു ബോട്ടുകൾ തീരദേശ പൊലീസ് പിടികൂടി. കർണ്ണാടകയിൽ നിന്നും എത്തിയ ബോട്ടുകളാണ് പിടിയിലായത്. ഫിഷറീസ് ഓഫീസർ സുരേന്ദ്രൻ, തീരദേശ പൊലീസ് എസ് ഐ രാജീവൻ എന്നിവരുടെ നേതൃത്വത്തിൽ കടലിൽ പട്രോളിംഗ് നടത്തുന്നതിനിടയിൽ ബേക്കൽ ഭാഗത്ത് വെച്ചാണ് ബോട്ടുകൾ പിടികൂടിയത്. പൊലീസിനെ കണ്ട് രക്ഷപ്പെടാൻ ശ്രമിച്ച ബോട്ടുകളെ കിലോമീറ്ററുകളോളം പിന്തുടർന്നാണ് പിടികൂടിയതെന്ന് അധികൃതർ പറഞ്ഞു. ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള ബോട്ടുകൾ രാത്രികാലങ്ങളിലെത്തി നിരോധിത വല ഉപയോഗിച്ച് കാരയോട് ചേർന്ന് മീൻ പിടിക്കുമ്പോൾ പരമ്പരാഗത മത്സ്യ തൊഴിലാളികൾക്ക് വലിയ നഷ്ടം ഉണ്ടാകുന്നു.

നിരോധിത വലകൾ ഉപയോഗിച്ച് മീൻ പിടിച്ചതിന് തീരദേശ പൊലീസ് പിടികൂടിയ കർണ്ണാടക ബോട്ടുകൾ

ഇതേ ചൊല്ലി സംഘർഷങ്ങളും പ്രതിഷേധങ്ങളും പതിവായ തോടെയാണ് രാത്രികാല പട്രോളിംഗ് ശക്തമാക്കാൻ അധികൃതർ തീരുമാനിച്ചത്. എ എസ് ഐ. എം ടി പി സെയ്ഫുദ്ദീൻ, സിവിൽ പൊലീസ് ഓഫീസർമാരായ അനീഷ്, പ്രദീപ്, യതീഷ്കുമാർ, രതീഷ്, നിഷാന്ത്, കോസ്റ്റൽ വാർഡൻ വിനോദ്, ദാമോദരൻ, ഫിഷറീസ് ബോട്ടു ജീവനക്കാരായ പി വി നാരായണൻ, പി മനു, കെ കണ്ണൻ, ധനീഷ്, സതീഷ്, രാഘവൻ എന്നിവരും സംഘത്തിലുണ്ടായിരുന്നു.

കുറ്റിക്കോൽ സ്വദേശിയെ കാണാതായി

ബേക്കൽ: കടയിലേയ്ക്ക് പോകുന്നുവെന്നു പറഞ്ഞ് വീട്ടിൽ നിന്നും ഇറങ്ങിയ യുവാവിനെ കാണാതായി. കുറ്റിക്കോൽ,മരുതംചുള്ളിയിലെ തെക്കുംപാടം വീട്ടിൽകുഞ്ഞിരാമന്റെ മകൻ ടി.സുരേഷ് കുമാറി (41)നെയാണ് ഈമാസം രണ്ടിനു കാണാതായത്.

സുരേഷ് കുമാർ വർഷങ്ങളായി ആലക്കോട്ടുള്ള ഇളയമ്മ തമ്പായിയുടെ വീട്ടിലാണ് താമസം. തിരികെ എത്താത്തതിനെ തുടർന്ന് ഫോണിൽ വിളിച്ചപ്പോൾ കോഴിക്കോട്ട് ഉണ്ടെന്നാണ് ആദ്യം പറഞ്ഞത്. പിന്നീട് ഫോൺ സ്വിച്ച് ഓഫായി. സഹോദരൻ മനോഹരന്റെ പരാതിയിൽ ബേക്കൽ പൊലീസ് കേസെടുത്തു.

യുവതിയെ കാസർകോട്ടെ ലോഡ്ജിൽ പീഡിപ്പിച്ച് സ്വർണ്ണവുമായി മുങ്ങിയ യുവാവ് അറസ്റ്റിൽ

കാസർകോട്: ജോലി വാഗ്ദാനം ചെയ്ത് യുവതിയെ ലോഡ്ജിലെത്തിച്ച് ബലാത്സംഗം ചെയ്യുകയും നാലു പവൻ സ്വർണ്ണവുമായി മുങ്ങുകയും ചെയ്ത യുവാവ് അറസ്റ്റിൽ. കണ്ണൂർ മാതമംഗലം, ആക്കാട്ടെ ബാബുരാജി (36)നെയാണ് കാസർകോട് ഇൻസ്പെക്ടർ പി രാജേഷും സംഘവും ഇന്നു രാവിലെ അറസ്റ്റ് ചെയ്തത്.

ബേക്കൽ പൊലീസ് സ്റ്റേഷൻ പരിധിയിലെ നാൽപ്പതുകാരിയാണ് പരാതിക്കാരി. ഒരു വർഷം മുമ്പ് പെരിയ

ബാബുരാജ്

ബസ് സ്റ്റോപ്പിൽ വെച്ചാണ് ബാബുരാജ്, പരാതിക്കാരിയായ യുവതിയെ പരിചയപ്പെട്ടത്. പിന്നീട് സൗഹൃദം സ്ഥാപിക്കുകയും ജോലി ശരിയാക്കിത്തരാമെന്ന് പ്രലോഭിപ്പിച്ച് കാസർകോട്ടെ ലോഡ്ജിൽ എത്തിച്ച് ബലാത്സംഗം ചെയ്യുകയുമായിരുന്നുവെന്നാണ് പരാതി. നാലു പവൻ തൂക്കമുള്ള സ്വർണ്ണവുമായി കടന്നു കളഞ്ഞ് വഞ്ചിക്കുകയായിരുന്നുവെന്നും പരാതിയിൽ പറഞ്ഞു. പ്രതിയുടെ പേരും സ്വദേശവും മാത്രമെയുവതിക്ക് അറിയാമായിരുന്നുള്ളൂ. പിന്നീട് പൊലീസ് തന്ത്രപരമായി നടത്തിയ അന്വേഷണത്തിലാണ് പ്രതിയായ ബാബുരാജിനെ അറസ്റ്റ് ചെയ്തത്.

131 കുപ്പി വിദേശ മദ്യം പിടിച്ചു; പ്രതി രക്ഷപ്പെട്ടു

കന്യപ്പാടി: മദ്യ വിൽപ്പനക്കാരൻ ഉപേക്ഷിച്ചുപോയ 131 കുപ്പി കർണ്ണാടക-ഗോവൻ വിദേശ മദ്യം എക്സൈസ് സംഘം കസ്റ്റഡിയിലെടുത്തു.

കുണ്ടിക്കാന പോസ്റ്റ് ഓഫീസ് പരിസരത്തു നിന്നാണ് മദ്യം കണ്ടെടുത്തത്. ഇതു സംബന്ധിച്ചു മാടത്തുക്കയിലെ ലാൻസി ഡിസോജ (28)ക്കെതിരെ കേസെടുത്തെന്നു എക്സൈസ് പറഞ്ഞു. ഈ പ്രദേശത്തു മദ്യവ്യാപാരം സജീവമാണെന്ന പരാതിയെത്തുടർന്നാണ് എക്സൈസ് സംഘം എത്തിയത്. എക്സൈസിനെ കണ്ടയുടനെ പ്രതി മദ്യം ഉപേക്ഷിച്ചു രക്ഷപ്പെടുകയായിരുന്നത്രേ.

കൊച്ചി–മംഗ്ളൂരു ഗെയിൽ പൈപ്പ് ലൈൻ ജനുവരിയിൽ കമ്മീഷൻ ചെയ്യും; കാഞ്ഞങ്ങാട് സിറ്റി ഗ്യാസ് പദ്ധതിക്കു സ്റ്റേഷൻ ഒരുങ്ങി

കാഞ്ഞങ്ങാട്: കൊച്ചി-മംഗ്ളൂരു ഗെയിൽ വാതക പൈപ്പ്ലൈൻ പദ്ധതി ജനുവരി ആദ്യവാരം കമ്മീഷൻ ചെയ്യും. 444 കിലോമീറ്റർ നീളത്തിൽ പൈപ്പ്ലൈൻ സജ്ജമായി. ചന്ദ്രഗിരിപുഴയെ മുറിച്ചു കടക്കുന്ന ഭാഗത്താണ് പൈപ്പ് ഇടാൻ ഇനി ബാക്കിയുള്ളത്; 300 മീറ്റർ ദൂരത്തിൽ.

പദ്ധതി കമ്മീഷൻ ചെയ്യുന്നതോടെ കൊച്ചിയിലെ മുഖ്യ ടെർമിനലിൽ നിന്നു കേരളം, കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിലെ വ്യവസായ സ്ഥാപനങ്ങൾക്ക് ആവശ്യമായ വാതക ഇന്ധനം എൽ.എൻ.ജി പൈപ്പുകൾ വഴി വിതരണം ചെയ്യാനാകും. ഇത്തരത്തിലുള്ള പൈപ്പുലൈനുകളിലൂടെയായിരിക്കും വീടുകളിലേയ്ക്കും ഗ്യാസ് എത്തിക്കുക.

ജില്ലയിൽ കാഞ്ഞങ്ങാട്ടാണ് വീടുകളിലേയ്ക്കുള്ള ഗ്യാസ് പൈപ്പിലൂടെ വിതരണം ചെയ്യുന്നത് ആദ്യമായി നടപ്പിലാക്കുക. സിറ്റിഗ്യാസ് എന്നാണ് ഈ പദ്ധതിക്കു പേരിട്ടിട്ടുള്ളത്. ഇതിനായി അമ്പലത്തറ, കോട്ടപ്പാറയിൽ അര ഏക്കർ സ്ഥലം വാങ്ങുകയും സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ നിന്നു കാഞ്ഞങ്ങാട് നഗരത്തിലേയ്ക്കുള്ള പൈപ്പ്ലൈൻ സ്ഥാപിക്കൽ പ്രവൃത്തി ഈ മാസം ആരംഭിക്കും. കോട്ടപ്പാറയിൽ നിന്നു കാഞ്ഞങ്ങാട്ടേക്കു 19 കിലോമീറ്റർ ദൂരത്തിലാണ് ലൈൻ സ്ഥാപിക്കുക. ഇതിന്റെ മുന്നോടിയായുള്ള വെൽഡിംഗ് ടെസ്റ്റ് കഴിഞ്ഞ ദിവസം നടന്നു. ഡി.എൻ.കമ്പനി ഇതിന്റെ സബ് കരാർ ഏറ്റെടുത്തു. അറുപതു ദിവസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നാണ് കരാർ.

കാഞ്ഞങ്ങാട് സിറ്റി ഗ്യാസ് ലൈൻ പദ്ധതിക്കായി കോട്ടപ്പാറയിൽ ഒരുക്കിയ ഗ്യാസ് സ്റ്റേഷൻ

ഗെയിൽ പൈപ്പ് ലൈൻ പദ്ധതിക്കു 2007ൽ ആണ് സംസ്ഥാന സർക്കാർ ഗെയിലുമായി കരാറിൽ ഏർപ്പെട്ടത്. 2010ൽ പുതുവൈപ്പിനിൽ നിന്നു അമ്പലമുകളിലേക്കുള്ള ആദ്യ ലൈൻ സ്ഥാപിക്കുകയും 2013ൽ കമ്മീഷൻ ചെയ്യുകയും ചെയ്തു.2012ൽ ആണ് പദ്ധതിയുടെ രണ്ടാംഘട്ടത്തിനു തുടക്കമിട്ടത്. കൊച്ചി-മംഗ്ളൂരു, കൊച്ചി-കോയമ്പത്തൂർ-ബംഗ്ളൂരു പദ്ധതികൾക്കായി കേന്ദ്രത്തിന്റെ അനുമതി ലഭിച്ചു. എറണാകുളം, തൃശൂർ, പാലക്കാട്, കോഴിക്കോട്, മലപ്പുറം, കണ്ണൂർ, കാസർകോട് ജില്ലകളിലൂടെയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. എന്നാൽ പദ്ധതിക്കെതിരെ ജനകീയ പ്രതിഷേധം ഉയരുകയും ഭൂമി ഏറ്റെടുക്കൽ അന്നത്തെ യു.ഡി.എഫ് സർക്കാർ നിർത്തി വയ്ക്കുകയും ചെയ്തു. 2014ൽ കമ്പനി കരാറുകളടക്കം ഉപേക്ഷിച്ച് കേരളം വിട്ടു. പിന്നീട് എൽ.ഡി.എഫ് സർക്കാർ ഗെയിൽ പദ്ധതിക്കു തുടർ പ്രവർത്തനാനുമതി നൽകുകയും ഭൂമി ഏറ്റെടുത്തു കൈമാറുകയും ചെയ്തു.കൊച്ചി മുതൽ പാലക്കാടുവരെയുള്ള 97 കിലോമീറ്റർ ലൈൻ 2019 ൽ കമ്മീഷൻ ചെയ്തു. പൊന്നും വിലകൊടുത്താണ് ഭൂമി ഏറ്റെടുത്ത്.പദ്ധതി നടപ്പിലാകുന്നതോടെ പ്രകൃതിവാതകം ചെലവ് കുറഞ്ഞ നിരക്കിൽ വീടുകളിൽ ലഭ്യമാകും. നിരത്തുകളിൽ നിന്നു പാചകവാതക ടാങ്കർ ലോറികൾ വഴി മാറുന്നതോടെ റോഡ് ഗതാഗതം സുഗമമാകും.